മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി & സി.) ഉത്തരം ആവശ്യമില്ല.

വിദ്യുച്ഛക്തി വിതരണം.

* 904. [34] ശ്രീ. സി. സി അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളുടേയും ആവശ്യത്തിനു് ഇലക്ട്രിസിറ്റി കൊടുക്കാൻ കഴിയുമെങ്കിൽ ആകെ എത്ര ഇലക്ട്രിസിറ്റി വേണ്ടിവരുമെന്നു ഗവണ്മെന്റ് കണക്കെടുത്തിട്ടുണ്ടോ ;

(ബി) ഇപ്പോൾ ആകെ എത്ര ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നുണ്ടു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും ഇലക്ട്രിസിറ്റി കൊടുക്കുന്നതിനു് ആകെ എത്ര ഇലക്ട്രിസിറ്റി വേണ്ടിവരുമെന്നു് കൃത്യമായി ഒരു കണക്കും ഇതുവരെയും എടുത്തിട്ടില്ല. വിപുലമായ ഒരു സർവ്വെനടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. സംസ്ഥാനം മുഴുവൻ ഇലക്ട്രിസിറ്റി വിതരണത്തിനു് ഇപ്പോഴത്തെ നിരക്കനുസരിച്ചു് പൊതുആവശ്യങ്ങൾക്കു വേണ്ടിമാത്രം ഏകദേശം 2600 ലക്ഷം യൂണിറ്റ് ഇലക്ട്രിസിറ്റി ആണ്ടിൽ ആവശ്യമുണ്ടായിരിക്കും.

(ബി) ഇപ്പോൾ ഉദ്ദേശം 3000 ലക്ഷം യൂണിറ്റ് ഇലക്ട്രിസിറ്റി ആണ്ടിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടു്. ഇതിൽ പുത്തിൽ ഒരുഭാഗം മാത്രമേ വീട്ടാവശ്യങ്ങൾക്കു കൊടുക്കുവാൻ സാധിക്കുന്നുള്ളൂ.

പട്ടികജാതി വിദ്യാർത്ഥികൾ

* 905. [38] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ബഡ്ജറ്റവർഷത്തിൽ കോളേജുകളിലും ഹൈസ്കൂളുകളിലുമായി പഠിക്കുന്ന പട്ടികജാതിക്കാരുടെയും മറ്റു പിന്നാക്കസമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെയും ലിസ്റ്റ് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്ര ; മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികൾ എത്ര ;

(സി) ഓരോ കോളേജുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്ര; മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികൾ എത്ര ;

(ഡി) ഇവർക്കു നേരത്തേകൊടുത്ത സ്റ്റൈപ്പൻഡും സ്കോളർഷിപ്പും മറ്റു സാമ്പത്തികസഹായവും നൽകുന്നതിനു ഗവണ്മെന്റ് ശ്രദ്ധിക്കുമോ ;

(ഇ) ഈ വർഷം കോളേജുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന ഓരോ വിഭാഗത്തിനും എന്തൊക്കെ സഹായങ്ങളാണു് ഗവണ്മെന്റ് ചെയ്യുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ കെ. കൊച്ചുകുട്ടൻ) :

(എ) ഈ ബഡ്ജറ്റവർഷത്തിൽ കോളജുകളിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ട്. മറ്റു പിന്നാക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയെല്ലാം ലിസ്റ്റ് ലഭിച്ചിട്ടില്ല.

(ബി) ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതിയിലും മറ്റു പിന്നാക്കസമുദായത്തിലുംപെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് ഗവണ്മെന്റിനു ലഭിച്ചിട്ടില്ല.

(സി) ഓരോ കോളജുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ എത്രയെന്നു കാണിക്കുന്ന പട്ടിക മേശമേൽ വയ്ക്കുന്നു. †

(ഡി) ഇവർക്കു നേരത്തേകൂട്ടി സ്റ്റൈപ്പൻഡും മറ്റു സാമ്പത്തിക സഹായവും നൽകുവാൻ ഗവണ്മെന്റ് ശ്രദ്ധിക്കുന്നുണ്ട്.

(ഇ) ഹൈസ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന നിർദ്ധനരായ മറ്റു പിന്നാക്കസമുദായ വിദ്യാർത്ഥികൾക്കും അവശക്രിസ്ത്യൻ വിദ്യാർത്ഥികൾക്കും മുഴുവൻ ഫീസുസൗജന്യവും, പട്ടികജാതിയിലും കുടുംബി സമുദായത്തിലുംപെട്ട വിദ്യാർത്ഥികൾക്കു ഹൈസ്കൂൾ ക്ലാസ്സുകളിൽ മുഴുവൻ ഫീസ്സൗജന്യത്തിനു പുറമേ പുസ്തകവും വസ്ത്രവും വാങ്ങാൻ 40 രൂപ വീതം പ്രതിവർഷ ഗ്രാന്റും, കോളേജുക്ലാസ്സുകളിൽ മുഴുവൻഫീസ് സൗജന്യത്തിനു പുറമേ പുസ്തകവും വസ്ത്രവും വാങ്ങാൻ പ്രതിവർഷ ഗ്രാന്റും ആഹാരാവശ്യങ്ങൾക്കു പ്രതിമാസസ്റ്റൈപ്പൻഡും നൽകുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു ഹൈസ്കൂൾ ക്ലാസ്സുകളിൽ മുഴുവൻ ഫീസ് സൗജന്യത്തിനു പുറമേ പുസ്തകവും വസ്ത്രവും വാങ്ങാൻ 15 രൂപാവീതം പ്രതിവർഷഗ്രാന്റും ആഹാരാവശ്യങ്ങൾക്കും മറ്റും 7 രൂപവീതം പ്രതിമാസസ്റ്റൈപ്പൻഡും, കോളേജു ക്ലാസ്സുകളിൽ മുഴുവൻ ഫീസ്സൗജന്യത്തിനു പുറമേ ആഹാരാവശ്യങ്ങൾക്കും മറ്റും പ്രതിമാസസ്റ്റൈപ്പൻഡും പുസ്തകവും വസ്ത്രവും വാങ്ങാൻ പ്രതിവർഷഗ്രാന്റും നൽകുന്നു.

STARRED QUESTIONS POSTED FOR ANSWER ON 17-10-1955.

പ്രൈമറി സെക്കൻഡറി സ്കൂളദ്ധ്യാപകന്മാർക്കുള്ള ശമ്പളവും അലവൻസും.

* 906. [44] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സെക്കൻഡറി സ്കൂളദ്ധ്യാപകന്മാർക്ക് ഗവണ്മെന്റ് സെക്കൻഡറി സ്കൂളദ്ധ്യാപകന്മാരുടെ ശമ്പളവും അലവൻസും ഏപ്രിൽ 1-ാം തീയതി മുതൽ കൊടുക്കുന്നതാണെന്ന് ഗവണ്മെന്റ പ്രഖ്യാപിച്ചിരുന്നല്ലേ;

(ബി) അതനുസരിച്ച് ഏപ്രിൽ 1-ാംതീയതി മുതൽ ശമ്പളം കൊടുക്കുന്നതിനു ഗവണ്മെന്റ് എന്തു നടപടികൾ സ്വീകരിച്ചു;

† Please See Appendix XIX.

LIBRARY ARCHIVES Kerala Legislative Assembly